## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4637** **28.06.2013 ൽ മറുപടിയ്ക്ക്**

## കൃഷി ഭവനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്ത് തല കൃഷി ഭവനുകളുടെ പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) കൃഷിഭവന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചുവടെ വിശദീകരിക്കുന്നു.<br>1. കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷിയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.<br>2. കർഷകർക്ക് പരിശീലനം നൽകുക.<br>3. കൃഷി വകുപ്പിന്റെ പദ്ധതികളെക്കുറിച്ചും സാങ്കേതിക വിദ്യകളെക്കുറിച്ചുമുള്ള ബോധവൽക്കരണം നടത്തുക.<br>4. ആധുനിക കൃഷിരീതികളെക്കുറിച്ച് പരിചയപ്പെടുത്തുവാൻ പ്രദർശനതോട്ടങ്ങൾ സംഘടിപ്പിക്കുക.<br>5. നടീൽ വസ്തുക്കളുടെ വിതരണം നടത്തുക .<br>6. വിത്ത്, രാസവളം, കീടനാശിനി എന്നിവയുടെ നിയമാനുസൃതമായ ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുക.<br>7. വിപണിയിൽ ഇടപെടുകയും വിപണനത്തിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുകയും ചെയ്യുക.<br>8. ഉൽപാദന ചെലവ് കറയ്ക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുക.<br>9. സംസ്ഥാന, കേന്ദ്ര, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികളുടെ നിർവ്വഹണവും, ധനസഹായ വിതരണവും, നടപ്പിലാക്കുന്നത് കൃഷി ഭവൻ മുഖേനയാണ്. |
| (ബി) കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഡ്യൂട്ടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഒരു കൃഷിഭവനിൽ കൃഷി ഓഫീസറും, 2 അല്ലെങ്കിൽ 3 കൃഷി അസിസ്റ്റന്റും എന്നതാണ് സ്റ്റാഫ് പാറ്റേൺ. കൃഷിഭവനുകളുടെ വിവിധ പ്രവർത്തനങ്ങൾ അതത് പഞ്ചായത്തുകളിൽ നടപ്പിലാക്കുക എന്നതാണ് ഈ ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി. ഇതിനായി വാർഡുകൾ തിരിച്ച് കൃഷി അസിസ്റ്റന്റുമാർക്ക് ജോബ് ചാർട്ട് നിലവിൽ ഉണ്ട്. പദ്ധതി നടത്തിപ്പിന്റെ ചുക്കാൻ പിടിക്കുന്നതും അവ യഥാസമയം സത്യസന്ധതയോടും സുതാര്യതയോടും ചെയ്യുന്നതിന്റെ മേൽനോട്ടമാണ് കൃഷി ഓഫീസർക്കുള്ള ചുമതല. |

(സി) കൃഷി അസിസ്റ്റന്റുമാർ ക്ലറിക്കൽ ജോലികളിൽ മാത്രം ഒതുങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ ?

(സി) ഉണ്ട്.

കൃഷി ഓഫീസറും മറ്റ് ജീവനക്കാരും ബുധനാഴ്ച ദിവസം ഓഫീസ് ജോലിയ്ക്കായി കൃഷിഭവനിൽ ഉണ്ടായിരിക്കേണ്ടതാണ്. മറ്റ് ദിവസങ്ങളിൽ ഹെഡ്ക്വാർട്ടേഴ്സ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും, മറ്റ് ജീവനക്കാർ ജോബ് ചാർട്ട് അനുസരിച്ച് ഫീൽഡ് സന്ദർശനം നടത്തുന്നതിനും നിർദ്ദേശം നിലവിലുണ്ട്.

കൃഷിഭവന്റെ ജോലി ഭാരം കുറയ്ക്കുന്നതിനായി താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. എല്ലാ കൃഷിഭവനുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇ-മെയിൽ സൗകര്യവും നൽകിയിട്ടുണ്ട്.
2. കാർഷിക ആനുകൂല്യങ്ങൾ ഇ-പേയ്മെന്റായി നൽകി തുടങ്ങി.
3. കാർഷിക വിഭവങ്ങൾ കൃഷിഭവനിൽ കൂടി സംഭരണം നടത്തി വരുന്നു.
4. തെരഞ്ഞെടുത്ത കൃഷി ഭവനുകളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.
5. യാത്രാ സൗകര്യം ഒരുക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് തുടക്കത്തിൽ 550 ഇരുചക്രവാഹനങ്ങൾ നൽകി.
6. വിവിധ പദ്ധതികളിലായി മൊബൈൽഫോണും താൽക്കാലിക അടിസ്ഥാനത്തിൽ വി.എച്ച്.എസ്.സി/ എസ്.എസ്.എൽ.സി പാസ്സായ വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും ക്ലറിക്കൽ ജോലികൾ ചെയ്തു തീർക്കുകയും ഉദ്യോഗസ്ഥരെ കൂടുതലായി കൃഷിയിടങ്ങളിലേക്ക് വിന്യസിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ